(ബി) ഇത് ജലദൗർലഭ്യത്തിന് ഇടയാക്കുമോ;

(സി) എങ്കിൽ ഇത്തരം നടപടികൾ നിയമം മൂലം നിരോധിക്കാനുദ്ദേശ്യമുണ്ടോ;

(ഡി) ഇല്ലാത്തപക്ഷം ചതുപ്പുകൾ, വയലുകൾ എന്നിവ അനിയന്ത്രിതമായി നികത്തുന്നതിനേയും അനിയന്ത്രിതമായി പാറപൊട്ടിക്കുന്നതിനേയും എപ്രകാരം തടയാൻ കഴിയുമെന്ന് വിശദീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി):

(എ) വ്യാപകമായി ചതുപ്പുകൾ, വയലുകൾ, വെള്ളം തങ്ങിനിൽക്കുന്ന മറ്റു സ്ഥലങ്ങൾ എന്നിവ നികത്തുക, പാറ അനിയന്ത്രിതമായി പൊട്ടിക്കുക മുതലായ നടപടികൾ ഒരു പരിധിവരെ പരിസ്ഥിതിയുടെ സംതുലിതാവസ്ഥയ്ക്ക് മാറ്റം വരുത്തുവാൻ സാദ്ധ്യതയുണ്ട്.

(ബി) പരമ്പരാഗതമായി വെള്ളം കെട്ടിനിന്നു ഭൂഗർജലപരിപോഷണത്തിന് ഉപയുക്തമായിരുന്ന ചതുപ്പുകളും വയലുകളും മറ്റു താഴ്ന്ന സ്ഥലങ്ങളും നികത്തുന്നത് വേനൽക്കാല ജലലഭ്യത കുറയുവാൻ ഇടയാക്കുന്നു.

(സി ആന്റ് ഡി) അനധികൃതമായി നെൽവയലുകൾ നികത്തുന്നതിന് 1967-ലെ കേരളാ ഭൂവിനിയോഗ ഉത്തരവു പ്രകാരം കർശന നിരോധനം ഏർപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ഉത്തരവ് കർശനമായി നടപ്പാക്കുന്നതിന് കാലാകാലങ്ങളിൽ സർക്കാർ നിർദ്ദേശം നൽകാറുണ്ട്. അനിയന്ത്രിതമായി പാറപൊട്ടിക്കുന്നത് 1967-ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ പ്രകാരം നിരോധിച്ചിട്ടുണ്ട്. ദി ഗ്രാനൈറ്റ് കൺസർവേഷൻ ആന്റ് ഡെവലപ്പ്മെന്റ് റൂൾസ് 1999 (സെക്ഷൻ 18, മൈൻസ് ആന്റ് മിനറൽസ്, റെഗുലേഷൻ ആന്റ് ഡെവലപ്പ്മെന്റ് ആക്ട് 1957) പ്രകാരം പാറ പൊട്ടിക്കൽ നിയന്ത്രിക്കുന്നതിന് മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന് അധികാരമുണ്ട്. അവർക്ക് ആവശ്യമെന്നു കണ്ടാൽ നിരോധിക്കാവുന്നതാണ്.

മായം ചേർക്കൽ നിരോധന നിയമം

* 28 [178] ശ്രീ. കെ. വി. കുഞ്ഞിരാമൻ:

,, ടി. കെ. ബാലൻ:

,, വി. കെ. ചന്ദ്രൻ:

,, വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വെളിച്ചെണ്ണ, മുളകുപൊടി, പാൽ, നെയ്യ്, ചോക്കലേറ്റ്, പഴവർഗ്ഗങ്ങൾ, പച്ചക്കറികൾ എന്നിവയിൽ മായം കലർത്തി വിൽക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ഇതു കണ്ടുപിടിക്കുന്നതിനും മായം ചേർക്കൽ തടയുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) ഭക്ഷണ സാധനങ്ങളിൽ മായം ചേർത്ത് വിൽപ്പന നടത്തുന്ന കച്ചവടക്കാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) സംസ്ഥാനത്ത് വിതരണം ചെയ്യുന്ന വെളിച്ചെണ്ണയിൽ മായം ചേർത്ത് വിൽപ്പന നടത്തുന്നത് സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ എടുത്ത സാമ്പിളുകൾ എത്രയെണ്ണത്തിൽ മായം ചേർന്നതായി കണ്ടെത്തിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഇ) ആരോഗ്യത്തിന് ഹാനികരമായ ഭക്ഷണ പദാർത്ഥങ്ങൾ സംസ്ഥാനത്ത് നിരോധിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ;

(എഫ്) ഇതിനായി നിലവിലുള്ള കേരള മായം ചേർക്കൽ നിരോധന ചട്ടം പരിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ചട്ടത്തിന് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ടോ; മായം ചേർക്കൽ തടയുന്നതിന് ഏതെല്ലാം നിയമങ്ങളാണ് സംസ്ഥാനത്ത് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കുമോ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ:)

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഭക്ഷണ പദാർത്ഥങ്ങളിലെ മായം ചേർക്കൽ തടയുന്നതിനായി 1954-ലെ കേന്ദ്ര ഭക്ഷ്യ മായം ചേർക്കൽ നിരോധനനിയമവും ചട്ടവും സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. ടി നിയമം അനുശാസിക്കും പ്രകാരം നോട്ടിഫൈഡ് ഫുഡ് ഇൻസ്പെക്ടർമാർ നിയമാനുസൃതമായി ശേഖരിക്കുന്ന സാമ്പിളുകൾ അനലിറ്റിക്കൽ ലാബോറട്ടറികളിൽ പരിശോധന നടത്തി മായം ചേർന്നതായി കണ്ടെത്തുന്ന മുറയ്ക്ക് കുറ്റക്കാർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുന്നു.

(സി) ഭക്ഷണ സാധനങ്ങളിൽ മായം ചേർത്ത് വിൽപ്പന നടത്തുന്നവർക്കെതിരെ കർശനമായ നടപടി സ്വീകരിച്ചു വരുന്നു. കഴിഞ്ഞ സാമ്പത്തിക വർഷം സംസ്ഥാനത്ത് വിൽപ്പന നടത്തിയ ഭക്ഷണ സാധനങ്ങളുടെ 16,066 സാമ്പിളുകൾ പരിശോധന നടത്തിയതിൽ 394 സാമ്പിളുകൾ മായം കലർന്നതായി കണ്ടെത്തുകയുണ്ടായി. ടി കാലയളവിൽ 104 കേസുകൾ തീർപ്പാക്കിയതിൽ 57 എണ്ണം ശിക്ഷിക്കുകയും 47 എണ്ണം കുറ്റവിമുക്തമാക്കുകയുമുണ്ടായി. കുറ്റവിമുക്തമായ കേസുകൾ പരിശോധിച്ച് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ അപ്പീൽ ഫയൽ ചെയ്തിട്ടുണ്ട്.

(ഡി) നടത്തിയിട്ടുണ്ട്. 2003-2004 കാലയളവിൽ 838 വെളിച്ചെണ്ണ സാമ്പിളുകൾ പരിശോധന നടത്തിയതിൽ 60 എണ്ണം നിശ്ചിത ഗുണനിലവാരം ഇല്ലാത്തവയും മായം കലർന്നവയുമാണെന്ന് കണ്ടെത്തുകയും, കുറ്റക്കാർക്കെതിരെ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ആരോഗ്യത്തിന് ഹാനികരമെന്ന് പരിശോധനയിൽ ബോദ്ധ്യപ്പെടുന്ന ഭക്ഷണ പദാർത്ഥങ്ങൾ മായം ചേർക്കൽ നിരോധന നിയമം അനുസരിച്ച് നിരോധിക്കുന്നുണ്ട്.

(എഫ്) നിലവിലുള്ള 1957-ലെ കേരള മായം ചേർക്കൽ നിരോധന ചട്ടം പരിഷ്ക്കരിക്കുന്നതിനായി പുതുക്കിയ കരട് കേരള പ്രിവൻഷൻ ഓഫ് ഫുഡ് അഡൽട്ടറേഷൻ റൂൾസ് കേന്ദ്ര സർക്കാരിന്റെ അനുമതിക്കായി സമർപ്പിക്കുകയുണ്ടായി. എന്നാൽ കേന്ദ്ര സർക്കാർ ഇതിൽ ചില ഭേദഗതികൾ നിർദ്ദേശിച്ച് കരട് സംസ്ഥാന സർക്കാരിന് തിരിച്ചയിച്ചിട്ടുണ്ട്. ഈ ഭേദഗതികൾ സംസ്ഥാന സർക്കാർ പരിശോധിച്ചു വരുന്നു. 1954-ലെ കേന്ദ്ര ഭക്ഷ്യ മായം ചേർക്കൽ നിരോധന നിയമവും 1955-ലെ ചട്ടവും മായം ചേർക്കൽ തടയുന്നതിന് സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു.

കുരിയാർകുറ്റി-കാരപ്പാറ ജലവൈദ്യുതി പദ്ധതി

* 29 [179] ശ്രീ. എ. സി. മൊയ്തീൻ:

,, കെ. രാധാകൃഷ്ണൻ:

,, വി. ചെന്താമരാക്ഷൻ:

ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർദ്ദിഷ്ട കുരിയാർകുറ്റി-കാരപ്പാറ ജലവൈദ്യുത പദ്ധതി ഉപേക്ഷിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതി വിഭാവനം ചെയ്തിരുന്നത് എന്നായിരുന്നു;

(സി) പദ്ധതിക്കുവേണ്ടി ഇതിനകം ബോർഡും ഗവൺമെന്റും നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമായിരുന്നു;

(ഡി) പദ്ധതിയെ സംബന്ധിച്ച് സംസ്ഥാന വനം വകുപ്പിന്റെ നിലപാട് ഇലക്ട്രിസിറ്റി ബോർഡിനെ അറിയിച്ചിട്ടുണ്ടോ;

(ഇ) ഈ വിഷയത്തിൻമേൽ കേരള നിയമസഭ പാസ്സാക്കി കേന്ദ്ര ഗവൺമെന്റിന് അയച്ചുകൊടുത്ത പ്രമേയത്തിന് വിരുദ്ധമായ നിലപാട് എന്തെങ്കിലും ഇപ്പോൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കാമോ;

(എഫ്) പദ്ധതി മൂലം വെള്ളത്തിൽ മുങ്ങിപ്പോകുന്ന സ്ഥലങ്ങളിൽ വനഭൂമി എത്ര; സ്വകാര്യ എസ്റ്റേറ്റുകളുടെ ഭൂമി എത്ര;

(ജി) പദ്ധതി പൂർത്തിയാവുകയാണെങ്കിൽ പുതുതായി എത്ര ഹെക്ടർ സ്ഥലത്ത് അധിക ഉൽപ്പാദനം നടത്തുവാൻ സാധിക്കും എന്നു വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly